REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 21-12-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് അസമിലെ നാംരൂപിൽ 12,000 കോടി രൂപയുടെ അമോണിയ - യൂറിയ രാസവള ശാലയുടെ ഭൂമി പൂജ നടത്തും.**
- **സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുത്ത അംഗങ്ങളുടെ സത്യപ്രതിജ്ഞ രാവിലെ.**
- **വികസിത് ഭാരത് G-RAM-G ബിൽ കർഷകർക്കും തൊഴിലാളികൾക്കുമൊപ്പം ഗ്രാമങ്ങളുടെ സമഗ്ര വികസനത്തിനും ഗുണകരമാണെന്ന് കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ.**
- **അന്തരിച്ച നടനും തിരക്കഥാകൃത്തുമായ ശ്രീനിവാസന്റെ സംസ്കാരം ഔദ്യോഗിക ബഹുമതികളോടെ രാവിലെ കൊച്ചി കണ്ടനാട്ടെ വീട്ടുവളപ്പിൽ.**
- **വനിതാ ട്വന്റി 20 അന്താരാഷ്ട്ര പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യ ഇന്ന് ശ്രീലങ്കയെ നേരിടും.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് അസമിലെ നാംരൂപിൽ 12,000 കോടി രൂപയുടെ അമോണിയ - യൂറിയ രാസവള ശാലയുടെ ഭൂമി പൂജ നടത്തും. തുടർന്ന് പൊതുയോഗത്തെയും അദ്ദേഹം അഭിസംബോധന ചെയ്യും.

ഡെസ്ക് റിപ്പോർട്ട്...

......വോയ്സ്......

ബ്രഹ്മപുത്ര നദിയിലെ കപ്പൽയാത്രക്കിടെ 25 സ്കൂൾ വിദ്യാർത്ഥികളുമായി പ്രധാനമന്ത്രി പരീക്ഷാ പേ ചർച്ച പരിപാടിയെപ്പറ്റി സംവദിക്കുകയും ചെയ്യും. തുടർന്ന് ഗോഹട്ടിയിലെ പശ്ചിം ബൊറാഗാവിൽ 860 രക്തസാക്ഷികളുടെ സ്മാരകമായി നിർമ്മിച്ച ഷഹീദ് സ്മാരക് ക്ഷേത്ര പ്രധാനമന്ത്രി സന്ദർശിക്കും. രക്തസാക്ഷികൾക്ക് പ്രധാനമന്ത്രി സ്മരണാഞ്ജലി അർപ്പിക്കും.

ഇന്നലെ ഗോഹട്ടിയിലെ ലോകപ്രിയ ഗോപിനാഥ് ബർദലോയ് അന്താരാഷ്ട്രവിമാനത്താവളത്തിലെ പുതിയ ടെർമിനൽ സമുച്ചയം നരേന്ദ്രമോദി ഉദ്ഘാടനം ചെയ്തു. പ്രധാനമന്ത്രിയുടെ രണ്ട് ദിവസത്തെ അസം സന്ദർശനം ഇന്ന് പൂർത്തിയാകും.

✪✪✪

വികസിത് ഭാരത് G-RAM-G ബിൽ കർഷകർക്കും തൊഴിലാളികൾക്കും മാത്രമല്ല, ഗ്രാമങ്ങളുടെ സമഗ്ര വികസനത്തിനും ഗുണകരമാണെന്ന് കേന്ദ്ര കൃഷിമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ പറഞ്ഞു. ന്യൂഡൽഹിയിൽ ഇന്നലെ ചൗധരി ചരൺസിംഗ് അവാർഡുകൾ വിതരണം ചെയ്യുകയായിരുന്നു അദ്ദേഹം. അടുത്ത കേന്ദ്ര ബജറ്റിൽ കരുത്തുറ്റ കാർഷിക സംവിധാനം രൂപപ്പെടുത്താൻ ആവശ്യമായ നിർദേശങ്ങൾ സമർപ്പിക്കാൻ മന്ത്രാലയം മേഖലയിൽ നിന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് ചൗഹാൻ പറഞ്ഞു. പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നതിന് കർഷകരേയും വിദഗ്ധരേയും കാർഷിക ശാസ്ത്രജ്ഞരേയും ഉൾപ്പെടുത്തി ചിന്തൻ ശിബിറുകൾ നടത്തിവരികയാണെന്നും ശിവരാജ് സിംഗ് ചൗഹാൻ പറഞ്ഞു.

✪✪✪

സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുത്ത അംഗങ്ങളുടെ സത്യപ്രതിജ്ഞ രാവിലെ ആരംഭിക്കും. ഗ്രാമ - ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകളിൽ രാവിലെ പത്തിനും കോർപറേഷനുകളിൽ 11.30-നുമായിരിക്കും സത്യപ്രതിജ്ഞാ ചടങ്ങ്. നിലവിലെ ഭരണ സമിതികളുടെ കാലാവധി ഇന്നലെ  അവസാനിച്ചിരുന്നു.

ആകാശവാണി ലേഖകൻ സ്മിതി M പള്ളുരുത്തി...

.......വോയ്സ്.......

ഓരോ തദ്ദേശ സ്ഥാപനങ്ങളിലേയും തെരഞ്ഞെടുക്കപ്പെട്ടവരിലെ മുതിർന്ന അംഗമായിരിക്കും ആദ്യം സത്യപ്രതിജ്ഞ ചെയ്യുക. വരണാധികാരികൾക്കു മുന്നിലാവും മുതിർന്ന അംഗത്തിന്റെ സത്യപ്രതിജ്ഞ. തുടർന്ന് മുതിർന്ന അംഗം മറ്റുള്ളവരെ സത്യപ്രതിജ്ഞ ചെയ്യിക്കും.  കോർപറേഷനുകളിൽ രാവിലെ 11.30-നും മറ്റെല്ലാ സ്ഥാപനങ്ങളിലും രാവിലെ പത്തിനുമായിരിക്കും

സത്യപ്രതിജ്ഞാ ചടങ്ങ് ആരംഭിക്കുക. സത്യപ്രതിജ്ഞ പൂർത്തിയായ ശേഷം മുതിർന്ന അംഗത്തിന്റെ അധ്യക്ഷതയിൽ ആദ്യ യോഗവും ചേരും.

മേയർ, ഡെപ്യൂട്ടി മേയർ, മുനിസിപ്പൽ ചെയർമാൻ, വൈസ് ചെയർമാൻ തെരഞ്ഞെടുപ്പുകൾ ഡിസംബർ 26-ന് നടത്തും. ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകളിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ് തെരഞ്ഞെടുപ്പുകൾ ഡിസംബർ 27-നും നടത്തും.

✪✪✪

തിരുവനന്തപുരത്ത് കോർപ്പറേഷൻ തെരഞ്ഞെടുപ്പിൽ വിജയിച്ച BJP കൗൺസിലർമാർ ശ്രീപതനാഭസ്വാമി ക്ഷേത്രത്തിന്റെ കിഴക്കേ നടയിൽ രാവിലെ സമ്മേളിക്കും. ക്ഷേത്ര ദർശനത്തിന് ശേഷം പാളയം രക്തസാക്ഷി മണ്ഡപത്തിൽ പുഷ്പാർച്ചന നടത്തിയ ശേഷമായിരിക്കും കൗൺസിലർമാർ പദയാത്രയായി നഗരസഭാ കാര്യാലയത്തിൽ എത്തുക. BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ പരിപാടിയിൽ പങ്കെടുത്ത് ആശംസകൾ നേരും.

✪✪✪

വയനാട് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് സ്ഥാനം സംബന്ധിച്ച് UDFൽ ചർച്ചകൾ സജീവമായി.

വനിതകൾക്ക് സംവരണം ചെയ്ത ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് സ്ഥാനം ആദ്യഘട്ടത്തിൽ കോൺഗ്രസിനാണെങ്കിൽ ഗിരിജാ കൃഷ്ണനായിരിക്കും സാധ്യത. മുസ്ലിം ലീഗിനാണ് ലഭിക്കുന്നതെങ്കിൽ യൂത്ത് ലീഗ് ദേശീയ വൈസ് പ്രസിഡണ്ട് മുഹീദ തസ്നി പ്രസിഡന്റ് അയേക്കും.

✪✪✪

അന്തരിച്ച നടനും തിരക്കഥാകൃത്തുമായ ശ്രീനിവാസന്റെ സംസ്കാരം രാവിലെ പത്തുമണിയോടെ കൊച്ചി കണ്ടനാട്ടെ വീട്ടുവളപ്പിൽ ഔദ്യോഗിക ബഹുമതികളോടെ നടത്തും. ഇന്നലെ എറണാകുളം ടൗൺ ഹാളിലും കൊച്ചി കണ്ടനാട്ടെ വസതിയിലും പൊതുദർശനത്തിന് വെച്ച ഭൗതിക ശരീരത്തിൽ ആയിരങ്ങൾ അന്ത്യാഞ്ജലി അർപ്പിച്ചു. ഇന്നലെ രാവിലെ തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രിയിലായിരുന്നു 69 കാരനായ ശ്രീനിവാസന്റെ അന്ത്യം.

നിശിതമായ രാഷ്ട്രീയ - സാമൂഹ്യ - വിമർശനങ്ങളിലൂടെ മലയാളസിനിമക്ക് പുതിയ അർത്ഥതലങ്ങൾ സമ്മാനിച്ച പ്രതിഭയായിരുന്നു ശ്രീനിവാസൻ. 48 വർഷത്തെ ചലച്ചിത്ര ജീവിതത്തിൽ 200ലേറെ ചിത്രങ്ങളിൽ വേഷമിട്ട അദ്ദേഹം അഭിനയത്തോടൊപ്പം തിരക്കഥാരചനയിലും സംവി ധാനത്തിലും തിളങ്ങിനിന്ന ശേഷം രോഗങ്ങളെ തുടർന്നാണ് ചെറിയൊരു ഇടവേളയിൽ ചലച്ചിത്ര രംഗത്ത് നിന്ന് ശ്രീനിവാസൻ മാറി നിന്നത്.

✪✪✪

ചിരിപ്പിച്ചും ചിന്തിപ്പിച്ചും മലയാളികളെ നന്മ വഴികളിലേക്ക് നടത്തിയ കലാകാരനായിരുന്നു ശ്രീനിവാസനെന്ന് തപസ്യ കലാസാഹിത്യ വേദി വിലയിരുത്തി. സന്ദേശവും വരവേൽപ്പും മുതൽ അറബിക്കഥ വരെ സിനിമകളിൽ ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ കാപട്യവും പൊള്ളത്തരവും ജനവിരുദ്ധതയുമാണ് ശ്രീനിവാസൻ തുറന്നുകാട്ടിയതെന്ന് തപസ്യ സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് PG ഹരിദാസും ജനറൽ സെക്രട്ടറി KT രാമചന്ദ്രനും അനുശോചനസന്ദേശത്തിൽ പറഞ്ഞു.

✪✪✪

കൃത്യമായ രാഷ്ട്രീയം പറഞ്ഞ ചലച്ചിത്രകാരനായിരുന്നു ശ്രീനിവാസനെന്ന് BJP മുൻ സംസ്ഥാന പ്രസിഡന്റ് K സുരേന്ദ്രൻ പറഞ്ഞു. ജനങ്ങളുടെ ശബ്ദമായിരുന്നു അദ്ദേഹം പ്രേക്ഷകരിലേക്ക് പകർന്നതെന്നും വരവേൽപ്പെന്ന ചിത്രം അന്നത്തെ പ്രധാനമന്ത്രി AB വാജ്പേയിയുടെ പോലും അഭിനന്ദനം ഏറ്റുവാങ്ങിയിരുന്നുവെന്നും സുരേന്ദ്രൻ അനുസ്മരിച്ചു.

✪✪✪

ഇന്ന് രണ്ടാമത് ലോക മെഡിറ്റേഷൻ ദിനം. കഴിഞ്ഞ വർഷമാണ് ഐക്യരാഷ്ട്ര പൊതുസഭ ഡിസംബർ 21നെ മെഡിറ്റേഷൻ ദിനമായി പ്രഖ്യാപിച്ചത്. ആന്ധ്രാപ്രദേശിലെ നന്ദിഗമയിൽ ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ ലോക മെഡിറ്റേഷൻ ദിന ചടങ്ങിൽ പങ്കെടുക്കും.

✪✪✪

64-ാം സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ  പന്തൽ കാൽനാട്ട് കർമ്മം മന്ത്രി V ശിവൻകുട്ടി ഇന്നലെ തൃശൂർ തേക്കിൻകാട് മൈതാനത്തെ എക്സിബിഷൻ ഗ്രൗണ്ടിൽ നിർവഹിച്ചു.  ജനുവരി 14 മുതൽ 18 വരെയാണ് ഏഷ്യയിലെ ഏറ്റവും വലിയ കൗമാര കലാമേള.

തൃശൂരിൽ നിന്ന് ഭരിതാ പ്രതാപ്.....

(വോയ്സ്....)

കൗമാര കലാമേളയുടെ പ്രധാന വേദിയായ തേക്കിൻക്കാട് മൈതാനം ഉൾപ്പെടെ 24 വേദികളിലായാണ് മത്സരങ്ങൾ നടക്കുന്നത്. ജനുവരി 14- ന് രാവിലെ 10.00 മണിക്ക് ഒന്നാം വേദിയായ തേക്കിൻക്കാട് മൈതാനത്ത് വെച്ച് കലോത്സവത്തിന് തിരിതെളിയും. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ജനുവരി 18-ന് സമാപന സമ്മേളനത്തിൽ മുഖ്യാതിഥിയായി

മലയാളത്തിന്റെപ്രിയ താരം പത്മഭൂഷൺ മോഹൻലാൽ പങ്കെടുക്കും. അഞ്ച് ദിവസങ്ങളിലായി 239 ഇനങ്ങളിലാണ് മത്സരങ്ങൾ നടക്കുന്നത്.

കലോത്സവത്തിന്റെ പന്തൽ കാൽനാട്ട് കർമ്മം മന്ത്രി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു. പന്തലുകളുടെ നിർമ്മാണം ജനുവരി പത്തിനകം പൂർത്തിയാകും. മന്ത്രിമാരായAdvt. കെ. രാജൻ , ഡോ. ആർ. ബിന്ദു, എന്നിവർ ചടങ്ങിൽ പങ്കെടുത്തു .

കലോത്സവത്തെ വരവേൽക്കാൻ വിപുലമായ സൗകര്യങ്ങളാണ് തൃശൂരിൽ ഒരുങ്ങുന്നത്.

✪✪✪

സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ അവധിക്കാലത്ത് ക്ലാസുകൾ അനുവദിക്കില്ലെന്ന് മന്ത്രി V.ശിവൻകുട്ടി വ്യക്തമാക്കി. സ്കൂൾ അവധിക്കാലം കുട്ടികൾക്ക് ആഘോഷിക്കാൻ വേണ്ടിയാണെന്നും അവധി, അവധി തന്നെയായിരിക്കണമെന്നും മന്ത്രി തൃശ്ശൂരിൽ പറഞ്ഞു

✪✪✪

തൃശ്ശൂർ നിന്നും തിരുവനന്തപുരത്തേക്ക് KSRTC ബസിൽ പോയ വിദ്യാർഥിനികളെ രാത്രിയിൽ ആവശ്യപ്പെട്ട സ്റ്റോപ്പിൽ ഇറക്കിയില്ലെന്ന പരാതിയിൽ തിരുവനന്തപുരം സെൻട്രൽ യൂണിറ്റിലെ കണ്ടക്ടറെ സർവീസിൽ നിന്നും നീക്കം ചെയ്തു. അങ്കമാലിക്കും മുരിങ്ങൂരിനും ഇടയിലെ 'പൊങ്ങം' എന്ന സ്ഥലത്ത് ഇറങ്ങേണ്ടിയിരുന്ന വിദ്യാർത്ഥിനികളെ ചാലക്കുടി ബസ് സ്റ്റാൻഡിൽ കണ്ടക്ടർ ഇറക്കി വിടുകയായിരുന്നു.

✪✪✪

അണ്ടർ 19 ഏഷ്യകപ്പ് ക്രിക്കറ്റ് ഫൈനലിൽ ഇന്ത്യ ഇന്ന് പാകിസ്ഥാനെ നേരിടും. രാവിലെ പത്തരയ്ക്ക് ദുബായിലെ ICC അക്കാദമി ഗ്രൗണ്ടിലാണ് മത്സരം. ആയുഷ് മാത്രെ നയിക്കുന്ന ടീംഇന്ത്യ ഒമ്പതാം തവണയും കിരീടമെന്ന ലക്ഷ്യത്തോടെയാണ് ക്രീസിലിറങ്ങുന്നത്.

✪✪✪

വനിതാ ട്വന്റി 20 അന്താരാഷ്ട്ര പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യ ഇന്ന് ശ്രീലങ്കയെ നേരിടും. വൈകിട്ട് ഏഴിന് വിശാഖപട്ടണത്തെ സ്റ്റേഡിയത്തിലാണ് മത്സരം. ശ്രീലങ്കയ്ക്കെതിരെ അഞ്ച് മത്സരങ്ങളുടെ പരമ്പരയിൽ ഹർമൻ പ്രീത്കൗറാണ് ഇന്ത്യയെ നയിക്കുന്നത്. ആദ്യ രണ്ട് മത്സരങ്ങൾ വിശാഖപട്ടണത്തും മൂന്നെണ്ണം തിരുവനന്തപുരത്തുമാണ്.

✪✪✪

2026ലെ ICC ട്വന്റി 20 ലോകകപ്പിലും ന്യൂസിലാന്റിനെതിരായ അഞ്ച് മത്സര പരമ്പരയിലും പങ്കെടുക്കുന്ന ഇന്ത്യൻ ടീമിനെ പ്രഖ്യാപിച്ചു. സൂര്യകുമാർ യാദവാണ് ക്യാപ്റ്റൻ. അക്സർ പട്ടേലാണ് വൈസ് ക്യാപ്റ്റൻ. സഞ്ജു സാംസണെയും ടീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ശുഭ്മാൻ ഗില്ലിനെ ടീമിൽ നിന്ന് ഒഴിവാക്കി. ഇടവേളയ്ക്ക് ശേഷം ഇഷാൻ കിഷനെ ടീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇന്നലെ വൈകിട്ട് BCCI യുടെ മുംബൈ ആസ്ഥാനത്തായിരുന്നു ടീം പ്രഖ്യാപനം.

✪✪✪

BWF വേൾഡ് ടൂർ ബാഡ്മിന്റണിൽ ഇന്ത്യൻ സഖ്യത്തിന് വെങ്കലം. ഇന്നലെ സെമിയിൽ ഹാങ്ഷുവിൽ ചൈനീസ് സഖ്യത്തോടാണ് സാത്വിക് സായ്രാജ് റങ്കിറെഡ്ഡി - ചിരാഗ് ഷെട്ടി കൂട്ടുകെട്ട് പരാജയപ്പെട്ടത്. വേൾഡ് ടൂർ ഫൈനലിൽ ആദ്യമായാണ് ഇന്ത്യൻ പുരുഷ ടീം മെഡൽ നേടുന്നത്.

✪✪✪

രാജ്യത്തെ ഏറ്റവും വലിയ സാഹസിക ബൈക്ക് റേസിങ് മത്സരമായ ഇന്ത്യൻ സൂപ്പർക്രോസ് റേസിംഗ് ലീഗ് സീസൺ 2 ഗ്രാൻഡ് ഫിനാലെ വൈകിട്ട് ആറിന് കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിൽ ആരംഭിക്കും. 36 ദേശീയ, അന്തർദേശീയ റൈഡർമാർ ഫൈനൽ റൗണ്ടിൽ മത്സരിക്കും.

✪✪✪

ബേക്കൽ ഇന്റർനാഷണൽ ബീച്ച് ഫെസ്റ്റിന്റെ മൂന്നാം എഡിഷൻ മന്ത്രി PA മുഹമ്മദ് റിയാസും സംവിധായകൻ മണിരത്നം, സിനിമാതാരം മനീഷ കൊയ്രാള, ഛായാഗ്രാഹകൻ രാജീവ് മേനോൻ എന്നിവരും ചേർന്ന് ഭദ്ര ദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. ഈ മാസം 31 വരെയാണ് ബേക്കൽ ബീച്ച് പാർക്കിൽ ബീച്ച് ഫെസ്റ്റ് നടത്തുന്നത്.

✪✪✪

ബേപ്പൂർ ഇന്റർനാഷണൽ വാട്ടർ ഫെസ്റ്റ് അഞ്ചാം സീസണിന്റെ സംഘാടക സമിതി ഓഫീസ് വൈകിട്ട് ഹാർബർ എൻജിനീയറിങ് ഓഫീസിൽ മന്ത്രി PA മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. പരിപാടിയുടെ ഭാഗമായി കലാസന്ധ്യയും സംഘടിപ്പിച്ചിട്ടുണ്ട്.

ഈ മാസം 26 മുതൽ 28 വരെയാണ് ബേപ്പൂർ വാട്ടർ ഫെസ്റ്റ് പരിപാടികൾ.

✪✪✪

പാലക്കാട് മുതുകുറിശ്ശിയിൽ വനം വകുപ്പ് സ്ഥാപിച്ച കൂട്ടിൽ പുലി കുടുങ്ങി.

വാക്കോടൻ ഭാഗത്തെ റബ്ബർ തോട്ടത്തിൽ സ്ഥാപിച്ച കൂട്ടിലാണ് ഇന്നലെ രാത്രി പത്തു മണിയോടെ പുലി അകപ്പെട്ടത്.

✪✪✪

കണ്ണൂർ-കാസർകോട് ജില്ലകളിൽ ഉച്ച മുതൽ വൈകിട്ട് വരെ വൈദ്യുതി വിതരണത്തിൽ ഭാഗിക തടസ്സം നേരിട്ടേക്കുമെന്ന് കണ്ണൂരിലെ ട്രാൻസ്മിഷൻ സർക്കിൾ അറിയിച്ചു. അരീക്കോട്-കാഞ്ഞിരോട് - ഓർക്കാട്ടേരി ലൈനുകളിലെ അടിയന്തര അറ്റകുറ്റപ്പണിയെ തുടർന്നാണിത്

✪✪✪

*News Editor : പി ചന്ദ്രബാബു*
*News Reader: : അനിൽ ചന്ദ്രൻ*
*NRTs: ഫസ്ന ഫാത്തിമ*
*DEO : സി കെ സുബോധ്*